ങ്കിൽ നിക്ഷേപിച്ചിട്ടുള്ള സംഖ്യകളുടേയും കണക്കു തയ്യാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഇതേ ചോദ്യത്തിനു മുൻപൊരവസരത്തിൽ, കണക്കു തയ്യാറാക്കിയതിനുശേഷം അതിനെപ്പറ്റി ആലോചിക്കുന്നതാണു് എന്നു ഗവൺമെണ്ടു് ഉത്തരം പറഞ്ഞിട്ടുള്ളതായി ഓർക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) പൊതുതാല്പര്യങ്ങൾക്കു് ഹാനികരമായതുകൊണ്ടു് അപ്രകാരം പ്രസിദ്ധപ്പെടുത്താറില്ല.

(സി) വസ്തുക്കളുടെ മറ്റും സംബന്ധിച്ചുള്ള വിവരപട്ടികകൾ പരിശോധിച്ചു വരികയാണെന്നും അന്വേഷണം നടത്തുകയാണെന്നും ഉത്തരം പറഞ്ഞിട്ടുണ്ടു്.

സാഹിബ്ബു് ബഹദൂർ ടി. എ. മൈദീൻകുഞ്ഞു: സർ, പൊതുതാല്പര്യങ്ങൾ എന്നു പറയുന്നതു് എന്നാണു്?

(ഉത്തരമില്ല.)

ശ്രീ കെ. ആർ. ഇലങ്കുന്നു്: കണക്കെടുത്തിരുന്നതു് ഇടക്കാലത്തുവെച്ചു നിറുത്തിവെക്കുവാൻ കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു കുറച്ചു വിഷമമുള്ള ഒരു കാര്യമാണു്.

ശ്രീ. കെ. ആർ. ഇലങ്കുന്നു്: എല്ലാ ഉദ്യോഗസ്ഥന്മാരോടും പ്രാപ്തർട്ടി സ്റ്റേറ്റ്മെണ്ടു് ആവശ്യപ്പെടുന്നതിനു ഗവൺമെണ്ടിനു അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അധികാരമുണ്ടു്.

പ്രസ്സ് തൊഴിലാളികൾ

*൯൫൪. (൪൩) ശ്രീ എ. ഗോപാലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടിനൽകുമോ:—

(എ) കൊച്ചി വിഭാഗത്തെ ഗവൺമെണ്ടുപ്രസ്സു് തൊഴിലാളികളിൽ നിന്നു കഴിഞ്ഞ നവംബർ മാസത്തിൽ ഒരു മെമ്മോറാണ്ടം ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുനടപടിയാണു് ഗവൺമെണ്ടു് സ്വീകരിച്ചതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ടു്.

(ബി) എറണാകുളം ഗവൺമെണ്ടുപ്രസ്സിന്റേയും തിരുവനന്തപുരം ഗവൺമെണ്ടുപ്രസ്സിന്റേയും പ്രവർത്തനം പരിഷ്കരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി മദ്രാസിൽനിന്നും ഒരു വിദഗ്ദ്ധന്റെ റിപ്പോർട്ടനുസരിച്ചു വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നതിനാലും രണ്ടുപ്രസ്സുകളുടേയും സർവ്വീസു സംയോജനം പൂർത്തിയായിട്ടില്ലാത്തതുകൊണ്ടും ഈ രണ്ടു കാര്യങ്ങളും ഒരു തീരുമാനത്തിലെത്തിയതിനുശേഷം എറണാകുളം പ്രസ്സു് ജീവനക്കാരുടെ നിവേദനത്തെപ്പറ്റി ചിന്തിച്ചാൽ മതിയെന്നു ഗവൺമെണ്ടു തീരുമാനിച്ചു.

ശ്രീ. എ. കെ. പാച്ചുപിള്ള: റിപ്പോർട്ടു വന്നിട്ടു് എത്രമാസമായി?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുമാസത്തോളമായി. ആ റിപ്പോർട്ടു് ഇപ്പോൾ സ്റ്റേഷനറിയും പ്രിന്റിംഗും കൺട്രോളരുടെ അഭിപ്രായത്തിനു അയച്ചിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള: അങ്ങിനെ അഭിപ്രായം ആവശ്യപ്പെട്ടിട്ട് എത്ര നാളായി?

ശ്രീ. ടി. കെ. നാരായണപിള്ള: നാലഞ്ചുദിവസമായി.

ശ്രീ. പി. കെ. ഡീവർ: എന്തെല്ലാം സംഗതികളാണ് നിവേദനത്തിൽ പറഞ്ഞിരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: പല സംഗതികളുമുണ്ട്. അതിന്റെ പകർപ്പ് കൈവശമില്ല.

ശ്രീ. പി. കെ. ഡീവർ: എറണാകുളം ഗവൺമെണ്ടപ്രസ്സിൽ വാളണ്ടിയർമാർ ശമ്പളമില്ലാതെ ജോലിചെയ്യുന്നുവെന്നും, ഇവിടെ വാളണ്ടിയർമാക്ക് ശമ്പളമുണ്ടെന്നുമുള്ള സംഗതി ഗവൺമെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെ പീസുവക്കാണ്. അവിടെ അതല്ല. ഈ വക എല്ലാ സംഗതികളെസംബന്ധിച്ചും ഗവൺമെണ്ട് അടുത്തുതന്നെ തീരുമാനം ചെയ്യണമെന്ന വിചാരിച്ചിരിക്കയാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: രാത്രിയും പകലും ജോലിചെയ്യുന്നതിനു കൂടുതൽ ശമ്പളമുണ്ടോ?

ശ്രീ. ടി കെ. നാരായണപിള്ള: ഇല്ല.

ശ്രീ. എ. പി. ഉദയഭാനു: തിരുവനന്തപുരം ഗവൺമെണ്ട പ്രസ്സിൽനിന്നും വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടോ മൂന്നോ കിട്ടിയിട്ടുണ്ട്. ആ കാര്യത്തെ സംബന്ധിച്ചും സമീപകാലത്തുതന്നെ ഒരു തീരുമാനം ചെയ്യണമെന്നാണ് ഗവൺമെണ്ടുദ്ദേശിക്കുന്നത്.

ശ്രീ. കെ. കുട്ടപ്പൻ: തിരുവിതാംകൂറിലെ പ്രസ്സിൽനിന്നും ആളുകളെ കുറവുചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള. അതിനെപ്പറ്റി ഇപ്പോൾ തീരുമാനിച്ചിട്ടില്ല. ആവശ്യമാണെന്നു കാണുന്നപക്ഷം അതിനെപ്പറ്റി ആലോചിക്കുമെന്നുമാത്രമേ ഇപ്പോൾ പറയുവാൻ നിവൃത്തിയുള്ളൂ.

Question 47. Not put.

മുസ്ലീം ധർമ്മസ്ഥാപനങ്ങൾ

*൪൪. (൪൫) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:—

വഖ്ഫ് (മുസ്ലീം ധർമ്മസ്ഥാപനങ്ങൾ) സ്വത്തുക്കളുടെശരിയായ ഭരണത്തിനും നിയന്ത്രണത്തിനും ആവശ്യമായ നിയമനിർമ്മാണം ചെയ്യണമെന്ന കൊച്ചി നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുകയും, ഒരു ബിൽ അവതരിപ്പിക്കാമെന്ന നിയമമന്ത്രി വാഗ്ദാനംചെയ്യുകയും ചെയ്ത സംഗതി ഗവൺമെണ്ടിനറിയാമോ?

ധനകാര്യവും റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ.) എ. ജെ. ജോൺ: അറിയാം.

സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: അതിലേക്ക് ഒരു ബില്ലുകൊണ്ടുവരുവാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly